(എ) കേരള വാട്ടർ അതോറിറ്റി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 31-1-2000 വരെയുള്ള കണക്കനുസരിച്ച് എന്തു തുക കടമെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് ലോകബാങ്ക് മുതലായ ഇന്റർനാഷണൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എന്തുതുക വായ്പ എടുത്തിട്ടുണ്ട്.

(സി) മറ്റേതെങ്കിലും വിദേശരാഷ്ട്രങ്ങളിൽ നിന്നും ലഭിച്ചതും തിരിച്ചു കൊടുക്കേണ്ടതുമായ ധന സഹായം സ്വീകരിച്ച വകയിൽ 31-1-2000 വരെയുള്ള കണക്കനുസരിച്ച് എന്തു തുക കൊടുക്കാനുണ്ട്.

(ഡി) വാട്ടർ അതോറിറ്റിക്ക് ഒരുവർഷം പലിശ ഇനത്തിൽ എന്തു തുക ചെലവ് വരും;

(ഇ) വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ കിട്ടുന്ന തുകയുടെ എത്രശതമാനം പലിശയിനത്തിൽ ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഹഡ്കോ, എൽ.ഐ.സി. എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും 31-1-2000 വരെ യഥാക്രമം 11,389.69 ലക്ഷം രൂപയും 21,169,84 ലക്ഷം രൂപയും കടമെടുത്തിട്ടുണ്ട്.

(ബി) ലോകബാങ്ക് മുതലായ ഇന്റർ നാഷണൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കേരള വാട്ടർ അതോറിറ്റി നേരിട്ട് തുക ഒന്നും വായ്പ എടുക്കുന്നതും തിരിച്ചടക്കുന്നതും കേന്ദ്ര സർക്കാരാണ്. ലോകബാങ്കിന്റെ സഹായത്തോടെ ഏറ്റെടുത്തിരുന്ന ശുദ്ധജലവിതരണ പദ്ധതികൾക്ക് 63.15 കോടി രൂപ ലോകബാങ്ക് വായ്പ ലഭിച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി തുക ഒന്നും നൽകാനില്ല.

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് എൽ.ഐ.സി, ഹഡ്കോ എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത തുകക്ക് പലിശ ഇനത്തിൽ 1998-99 വർഷത്തിൽ 2,790.35 ലക്ഷം രൂപ ചെലവായി.

(ഇ) കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ 1998-99 വർഷത്തിൽ 6,834,30 ലക്ഷം രൂപ വരവുണ്ടായിരുന്നു. ഇപ്രകാരം ലഭിക്കുന്ന തുകയുടെ 40.83% ധനകാര്യ സ്ഥാപനങ്ങൾക്കുള്ള പലിശ ഇനത്തിൽ ചെലവ് വരുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള വിതരണ പദ്ധതികൾ

51 (215) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ബദലൂരം, കായിക്കോട്, നെടുങ്കണ്ടം എന്നീ കുടിവെള്ള വിതരണ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ശുദ്ധജല വിതരണ പദ്ധതിയുടെയും നെടുങ്കണ്ടം ശുദ്ധജലവിതരണ പദ്ധതിയുടേയും കായിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടേയും ഉറവിടത്തിന്റെ ടെണ്ടർ പരിശോധനയിലാണ്. ഉറവിടത്തിന്റെ നിർമ്മാണം നടത്തി ജല ലഭ്യത ഉറപ്പു വരുത്തിയശേഷം മറ്റു ഘടകങ്ങളുടെ ദർഘാസുകൾ ക്ഷണിക്കുന്നതാണ്.

ആലപ്പുഴ നഗരത്തിലെ ബോട്ടുജട്ടികളുടെ നവീകരണം

52 (216) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ പുതിയതായി എത്ര ബോട്ടുജട്ടികൾ പണിയുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാം; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നഗരത്തിലെ ബോട്ടുജട്ടികളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായത്തിന് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) നഗരത്തിലെ ജലഗതാഗതത്തിന് ആവശ്യമായ ജെട്ടികൾ നിർമ്മിച്ചും നവീകരിച്ചും യാത്രക്ലേശം ഒഴിവാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിലെ താഴെ ചേർത്തിരിക്കുന്ന നാലു ബോട്ടു ജെട്ടികൾ പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

1. എസ്.എൻ ജെട്ടി
2. മുരുകൻ ജെട്ടി
3. രാജീവ്ഗാന്ധി ജെട്ടി
4. ബസ്റ്റാന്റ് ജെട്ടി

ഇവയിൽ, ബസ്റ്റാന്റ് ജെട്ടിയുടെ കരാറുകാരന്റെ ഉദാസീനത നിമിത്തം, കരാർ റദ്ദായി പുനർദർഘാസ് ക്ഷണിക്കുന്നതാണ്. എസ്.എൻ. ജെട്ടി പണിയുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. മുരുകൻ ജെട്ടിയുടെയും ഗാന്ധി ജെട്ടിയുടെയും പണികൾക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് ലഭിച്ചിട്ടുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. പുതിയ ബോട്ട് ജെട്ടികളുടെ പണി ഇപ്പോൾ പരിഗണനയില്ല.

LIBRARY ARCHIVES Kerala Legislative Assembly